# St.George's UPS

## Pazhangad

# ACADEMIC MASTER PLAN

## 2025-26

# സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

## St.GEORGE'S UPS, PAZHANGAD

## ACADEMIC MASTER PLAN 2025-26

| ക്രമ നം: | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഹരിത വിദ്യാലയം<br>പ്രകൃതിയെ അടുത്ത് അറിയാനുള്ള അവസരം ഒരുക്കൽ | *സ്കൂൾ ക്യാമ്പസിൽ പഴം - പച്ചക്കറി തോട്ടം<br>*ഔഷധത്തോട്ടം<br>*ജൈവവൈവിധ്യ പാർക്ക് | അക്കാദമിക വർഷം | അധ്യാപകർ ,കുട്ടികൾ | PTA<br>പൂർവ്വ വിദ്യാർത്ഥികൾ | |
| 2 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | ജൂൺ<br>ജൂലൈ | ഭാഷാ അധ്യാപകർ | SRG, മാതാപിതാക്കൾ | |
| 3 | കുട്ടിയെ മികച്ച വായനക്കാരനും എഴുത്തുകാരനും ആക്കുക | *ക്ലാസ് ലൈബ്രറി<br>*വായനക്കൂട്ടം രൂപീകരണം<br>*വായനോത്സവം സംഘടിപ്പിക്കാൻ<br>*ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>*കയ്യെഴുത്തു മാസിക | ജൂൺ - ആഗസ്റ്റ് | ഭാഷ അധ്യാപകർ | SRG<br>മാതാപിതാക്കൾ<br>ലൈബ്രറി അംഗങ്ങൾ | |
| 4 | സർഗ്ഗശേഷികൾ കണ്ടെത്തലും വികസിപ്പിക്കലും | വിദ്യാരംഗം കലാസാഹിത്യ വേദി രൂപീകരണം | ജൂൺ | എല്ലാ അധ്യാപകരും | PTA | |
| 5 | വിവിധശേഷികളുടെ പരിപോഷണവും വികസനവും | *അക്കാദമിക വർഷത്തേക്കുള്ള വിവിധ ദിനാചരണങ്ങൾ എസ് ആർ ജിയിൽ തീരുമാനിച്ച് സ്കൂളിലും പരിസരത്ത് പൊതുവിടങ്ങളിലും നടപ്പിലാക്കുന്നു<br>*സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ സംഘാടനവും ആസൂത്രണവും | ആവശ്യാനുസരണം | SRG | PTA | |
| 6 | ഇംഗ്ലീഷ് ഭാഷ പ്രാവീണ്യം നേടുന്നതിന് | *ഇംഗ്ലീഷ് മൂവി പ്രദർശനം<br>*തുടർന്ന് ഇംഗ്ലീഷിൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | മാസം ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ | SRG | |

| | | | | | | |
|---|---|---|---|---|---|---|
| 7 | വ്യക്തിസമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റ് ആണെന്ന തിരിച്ചറിവ് നേടുന്നതിന് | മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ | യഥാസമയങ്ങളിൽ | അധ്യാപകർ ,കുട്ടികൾ | മാതാപിതാക്കൾ,വാർഡ് മെമ്പർ | |
| 8 | മാലിന്യമുക്ത ആരോഗ്യ ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | *പരിസര ശുചീകരണം<br>*ശുചിത്വ ബോധവൽക്കരണം<br>*കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്<br>*വൈദ്യ പരിശോധന<br>*ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്സ്(fast food ) | യഥാസമയങ്ങളിൽ | അധ്യാപകർ | PTA<br>പഞ്ചായത്ത് | |
| 9 | കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് | സുംബ ഡാൻസ്, യോഗ,വ്യായാമം | യഥാസമയങ്ങളിൽ | അധ്യാപകർ | PTA | |
| 10 | കുട്ടികളുടെ മാനസിക ക്ഷേമം പരിപാലിക്കുക | *കൗൺസിലിംഗ്<br>*സന്മാർഗ പാഠങ്ങൾ അടങ്ങിയ കഥകൾ അവതരിപ്പിക്കൽ | യഥാ സമയങ്ങളിൽ | അധ്യാപകർ | മാതാപിതാക്കൾ | |
| 11 | കുട്ടികളുടെ പഠന നേട്ടങ്ങൾ സമൂഹത്തിൽ പ്രദർശിപ്പിക്കുക | പഠനോത്സവം | ഫെബ്രുവരി | അധ്യാപകർ,കുട്ടികൾ | മാതാപിതാക്കൾ,സമൂഹം | |
| 12 | ഡിജിറ്റൽ ഇടപെടലുകൾ നേടുന്നതിന് | *സ്കൂൾ ബ്ലോഗ് സ്കൂൾ വിക്കി എന്നിവയിൽ പ്രവർത്തനങ്ങൾ രേഖപ്പെടുത്തൽ<br>*സോഷ്യൽ മീഡിയയിൽ കുട്ടികളുടെ കഴിവുകൾ പ്രദർശിപ്പിക്കുക<br>*വിദ്യാഭ്യാസ ഏജൻസികൾക്ക് പ്രവർത്തനങ്ങൾ എത്തിക്കുക | യഥാസമയങ്ങളിൽ | അധ്യാപകർ | മാതാപിതാക്കൾ, പൊതു സമൂഹം | |
| 13 | പഠന നേട്ടങ്ങൾ കൂടുതൽ ഉറപ്പിക്കുന്നതിനായി ഗണിത മാഗസിൻ | സ്കൂൾതല മാഗസിൻ | രണ്ടാം ടേമിൽ | ഗണിത അധ്യാപിക | SRG<br>വിദ്യാർത്ഥികൾ | |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26

### യു. പി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല :- കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. [നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്, ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ |
| 2. രസകരമായ ഗണിത ശാസ്ത്ര പഠനവും കലാരചന ശേഷികളുടെ വികാസവും | ഒറിഗാമി ശിൽപശാല :- ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത ക്ലബ് |
| 4. ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് :- ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 5. ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം :- ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ [മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ] പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ ക്ലബ് ലീഡർമാർ |
| 6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 8. വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## യു. പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് ഓരോ പ്രവർത്തനങ്ങൾ ഓരോ പഠിതാവിനും നൽകുന്നു. അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയിലുള്ള അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിലേർപ്പെടുവാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി ദുരന്തങ്ങളുടെ ദൃശ്യങ്ങളിലൂടെ ദുരന്തങ്ങളുടെ തീവ്രത മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 5. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 6. വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെ സഹായത്തോടെയും കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 7. സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്നുള്ള രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

## അക്കാദമിക മാസ്റ്റർപ്ലാൻ 2025-26. സയൻസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലികൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് ഹെൽത്ത് ക്ലബ് | പി.ടി.എ. |
| | കണ്ടറിയാനൊരു യാത്ര. വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തി ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം. കുളം, വയൽ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം | ജൂലൈ. | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്. | രക്ഷിതാക്കൾ. |
| | പരീക്ഷണക്കളരി. നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ പരീക്ഷണങ്ങളിലൂടെ ശാസ്ത്രാശയങ്ങൾ ആരംഭിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ, ശാസ്ത്രക്ലബ്. | |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 2. ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്<br>ആരോഗ്യ ക്ലബ് | |
| | വിവിധ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | ഫെബ്രുവരി. | ശാസ്ത്ര അധ്യാപകർ | |
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്രാധ്യാപകർ | |
| | മുഖാമുഖം.<br>ഡോക്ടർ, കൃഷി ഓഫീസർ, കർഷകർ എന്നിവരുമായി അഭിമുഖം നടത്തുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | [illegible].<br>കുട്ടികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | PTA<br>അധ്യാപകർ |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| 3. ശാസ്ത്രപഠനത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | - വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിഭ… |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your ear: ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | അധ്യാപകർ. |
| | Follow me if you can: ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking news: ഇംഗ്ലീഷ് റേഡിയോ വാർത്തകൾ കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ. | |
| | Role play: പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട roleplay അവതരിപ്പിക്കുവാൻ അവസരം ഒരുക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Treasure Hunt : വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിവിധ ടീമുകളാക്കുന്നു. ഓരോ ടീമുകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു ഏതെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപിക | |
| 2. ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I too Can : വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ഒരുക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ. | ഇംഗ്ലീഷ് അധ്യാപകർ. | |
| | Learning Ladder : പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിൽ എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ. | |
| | Reader of the month : ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the month നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ. | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - സംസ്കൃതം
## 2025 - 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | ദൃഢ ജ്ഞാനം<br>* അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷര കാർഡ്<br>* വാക്കുകൾ എഴുതിയ കാർഡ്<br>* അക്ഷര മരം നിർമ്മിക്കൽ<br>* കാർട്ടൂൺ പ്രദർശനം<br>* പാട്ടുകളും കഥകളും കേൾപ്പിക്കുക.<br>പറയാം പഠിക്കാം<br>ചിത്രങ്ങളുടെ പേര് പറയൽ<br>ചിത്രകഥകൾ<br>ലഘുസംഭാഷണങ്ങൾ<br>നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ. | ജൂൺ 1<br>ഓഗസ്റ്റ് | പാഠപുസ്തകം.<br>ICT<br>PTA<br>അധ്യാപിക | PTA<br>അധ്യാപിക |
| 2. വീട് ഒരു പഠിക്കണശാല | ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ<br>↓<br>ഒക്ടോബർ | സംസ്കൃത ടീച്ചർ | |

| ...ം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായനാലോകം | തിരഞ്ഞെടുത്ത ലളിതമായ പുസ്തകശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക. ക്ലബ്ബ് രൂപീകരണം കലണ്ടർ നിർമ്മാണം ഗൃഹസന്ദർശനം പഠനയാത്ര | 6 മാസം | ക്ലാസ് ലൈബ്രറി | അധ്യാപിക |
| മത്സരപരീക്ഷകൾക്ക് തയ്യാറാകൽ | മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കൽ | ഓഗസ്റ്റ് - മാർച്ച് | ക്ലാസ്മുറി | അധ്യാപിക |
| പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | പ്രത്യേക പഠനോപകരണങ്ങൾ നിർമ്മിക്കൽ ഗൃഹസന്ദർശനം നടത്തൽ | ജൂൺ To മാർച്ച് | ക്ലാസ്മുറി | റിസോഴ്സ് അധ്യാപിക |
| ക്ലാസ്മുറി ആകർഷകം ആക്കുന്നതിന് | പെയിന്റിംഗ് ലൈബ്രറിക്കോർണർ | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോല്പന്നം | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>പതിപ്പുകൾ<br>മാഗസിനുകൾ<br>രചനാശില്പശാലകൾ | ജൂൺ - മാർച്ച് | പുസ്തകങ്ങൾ വിവിധയിനങ്ങൾ ചിത്രങ്ങൾ | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരങ്ങൾ ഒരുക്കുക. | വായനാമൂല, പദപ്പയറ്റ്, ദിനാചരണങ്ങൾ, പോസ്റ്റർനിർമ്മാണം, കഥ, ഉപന്യാസം രചിക്കൽ | | | |
| സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ | വിവിധ സാഹിത്യ രൂപങ്ങളെ പരിചയപ്പെടൽ കഥ, കവിത, ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഉത്തരവാ- ദിത്വം | സാമ്പ- ത്തികം |
| --- | --- | --- | --- | --- |
| ശാസ്ത്രലാബ് | വിവിധ പരീക്ഷണ ങ്ങളുടെ demonstration<br>പഠനയാത്ര | | | |
| മത്സരപരീക്ഷ കൾക്കുള്ള പ്രത്യേക പരിശീ ലനം | Scholarship പരീക്ഷ USS പരീക്ഷ എന്നിവയ്ക്ക് പ്രത്യേക പരിശീ ലനം നൽകൽ | | | |
| IT സാധ്യതകൾ പ്രയോജന പ്പെടുത്തൽ | Short film പ്രൊജക്ടറിന്റെ സഹായത്തോടെ പ്രദർശിപ്പിക്കൽ | | | |

# മേഖല : അക്കാദമികം      ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ്തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും<br><br>സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ .<br>പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും | ജൂൺ രണ്ടാം വാരം | 5,6,7 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3 | മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERSകുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5,6,7 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5,6,7 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് | |

| | | | | | |
|---|---|---|---|---|---|
| | • വാർത്തകൾ കാണാനുള്ള അവസരം | | | അധ്യാപകർ, മറ്റു അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

# ഭൗതീകം

## അവസ്ഥാ വിശകലനം

സ്കൂളിന്റെ മേൽക്കൂരയുടെ അവസ്ഥ ശോചനീയമാണ്. മഴ പെയ്യുമ്പോൾ ഓട് പൊട്ടി വെള്ളം ചോരുന്നു.അറ്റകുറ്റപ്പണികൾ തുടരെ നടത്തുന്നുണ്ടെങ്കിലും ഗ്രൗണ്ടിൽ പന്ത് കളിക്കുന്ന കാരണം കൊണ്ട് പന്ത് ഓടിന്റെ പുറത്തേക്ക് വീഴുന്നതിനാൽ അത് ഒരു കാരണമാണ്.പൂർവ്വകാല വിദ്യാർത്ഥികളും പൂർവ്വകാല അധ്യാപകരും ഇവിടത്തെ അധ്യാപകരും അനധ്യാപകരും ചേർന്ന് ക്ലാസ് റൂമുകൾ ടൈൽ ചെയ്ത് ചിത്രങ്ങൾ വരച്ച് മനോഹരമാക്കി. MLA ഫണ്ട് വിനിയോഗിച്ച് നല്ലൊരു അടുക്കള പണി കഴിപ്പിച്ചു.പൂർവ്വകാല വിദ്യാർത്ഥികൾ ചേർന്ന് കുട്ടികൾക്ക് കുടിവെള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.ജനറൽ മാനേജർ എല്ലാ ക്ലാസ് മുറികൾക്കും ജനലും വാതിലും പുതിയത് പണികഴിപ്പിച്ചു.പഴയ പൊളിഞ്ഞ സ്ക്രീനുകൾക്ക് പകരം പുതിയ സ്ക്രീനുകളും സ്ഥാപിച്ചു.സ്കൂളിന് ഒരു സ്മാർട്ട് ക്ലാസ്സ് റൂം ലൈബ്രറി എന്നിവ ആവശ്യമാണ്.

ഇനിയും അടിയന്തിരമായി ഒരുക്കേണ്ട ഭൗതിക സാഹചര്യങ്ങൾ

*മേൽക്കൂര ഓട് മാറ്റി ഷീറ്റ് ഇടുക.

*വൈറ്റ് ബോർഡ് വാങ്ങുക.

*സ്കൂളിന് ഒരു നല്ല പൊക്കമുള്ള മതിൽ

*വിദ്യാലയച്ചുവരുകൾ ആകർഷകമാക്കുക.

*ഡസ്കും ബെഞ്ചും നവീനരീതിയിൽ ആക്കുക.

*ക്യാമറകൾ സ്ഥാപിക്കുക.

# ആമുഖം

പ്രസിദ്ധമായ കുമ്പളങ്ങി പഴങ്ങാട് സെ. ജോർജ്ജ് ദേവാലയത്തിനോട് ചേർന്ന് 1922-ൽ സ്കൂൾ സ്ഥാപിതമായി. അഞ്ചു മുതൽ ഏഴ് വരെ ക്ലാസുകളിലായി 62 കുട്ടികൾ ഇവിടെ പഠിക്കുന്നു.

പൊതുവേ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കുമ്പളങ്ങിയിൽ ഭൂരിഭാഗം കുട്ടികളുടെ മാതാപിതാക്കളും കൂലിപ്പണിക്കാരാണ്. 75% മാതാപിതാക്കളും പത്താം ക്ലാസിന് താഴെ വിദ്യാഭ്യാസം ഉള്ളവരാണ്.മാതാപിതാക്കളുടെ അറിവില്ലായ്മ കുട്ടികളുടെ നിലവാരത്തെ ബാധിക്കുന്ന ഒരു വിഷയം കൂടിയാണ്.കുട്ടികളുടെ നിലവാരത്തിനനുസരിച്ച് മലയാളം,ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ എല്ലാ ദിവസവും പ്രത്യേക പരിശീലനവും സ്പോക്കൺ ഇംഗ്ലീഷ് ജനറൽനോളജ് എന്നീ ക്ലാസ്സുകളും നൽകിവരുന്നു.എല്ലാവർഷവും ഉപജില്ലാ പ്രവർത്തി പരിചയമേളയിൽ പങ്കെടുത്തവയിൽ എ ഗ്രേഡ് കരസ്ഥമാക്കാൻ കഴിയുന്നു.

പാഠപുസ്തകത്തിന് പുറമേ ഒരു പുസ്തകം എല്ലാ കുട്ടികൾക്കും ഓരോ മാസവും നൽകുന്നു. ഒരു വർഷം 10 പുസ്തകം കുട്ടികൾ വായിക്കുന്നു.വായനയെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കുട്ടികൾക്ക് ലൈബ്രറി ബുക്കുകൾ നൽകി വരുന്നു. കുട്ടികൾ വായനക്കുറിപ്പ് എഴുതി സൂക്ഷിക്കുന്നു. ക്ലാസ് ടീച്ചർ ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുന്നു.

*USS സ്കോളർഷിപ്പിന് പ്രത്യേക കോച്ചിംഗ് എല്ലാ ദിവസവും നൽകുന്നു ടെസ്റ്റ് നടത്തുന്നു. നിർണയം നടത്തുന്നു.

*പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി അക്ഷര കളരി എന്ന പദ്ധതി നടപ്പിലാക്കുന്നു എല്ലാ ദിവസവും സ്കൂൾ വിട്ടതിനുശേഷം കുട്ടികളെ എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.

*ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകമായി ക്ലാസുകൾ നൽകിവരുന്നു.( ചതുഷ്ക്രിയകൾ)

*ഇംഗ്ലീഷിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വായന കാർഡുകൾ നൽകി അവരെ വായിക്കുവാൻ പ്രാപ്തരാക്കുന്നു. സിംപിൾ സെന്റെൻസ് നൽകുന്നു. വായിപ്പിക്കുന്നു.

*ദിനാചരണങ്ങൾ മികവുറ്റതാക്കാൻ വിവിധ മത്സരങ്ങൾ വേറിട്ടതും ആകർഷകവുമായ പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു.

*എല്ലാ വെള്ളിയാഴ്ചയും SRG മീറ്റിംഗ് കൂടി ഹാർഡ് സ്പോട്ടുകൾ ചർച്ച ചെയ്യുന്നു.

# ACADEMIC

**TOTAL NUMBER OF TEACHING STAFF - 5**

**TOTAL NUMBER OF NON TEACHINH STAFF -1**

| STD V | | STD VI | | STD VII | |
|---|---|---|---|---|---|
| BOYS | GIRLS | BOYS | GIRLS | BOYS | GIRLS |
| 12 | 10 | 12 | 15 | 8 | 5 |

**NUMBER OF C.W.S.N - 0**

| STD | STRENGTH | SC | OEC | LC | HINDU[ EZHAVA | OBC |
|---|---|---|---|---|---|---|
| V | 22 | 3 | 2 | 16 | 1 | 17 |
| VI | 27 | 2 | 4 | 15 | 6 | 21 |
| VII | 13 | 1 | - | 9 | 3 | 12 |
| TOTAL | 62 | 6 | 6 | 40 | 10 | 50 |

| MALAYALAM | | | | SANSKRIT | | | |
|---|---|---|---|---|---|---|---|
| STD | BOYS | GIRLS | TOTAL | STD | BOYS | GIRLS | TOTAL |
| V | 6 | 3 | 9 | V | 6 | 7 | 13 |
| VI | 9 | 3 | 12 | VI | 3 | 12 | 15 |
| VII | 2 | - | 2 | VII | 6 | 5 | 11 |
| TOTAL | 17 | 6 | 33 | TOTAL | 15 | 24 | 39 |